Janayugom 14-02-19, p-12

# വിപണിയിൽ ചക്കയുടെ ഉത്സവ കാലം

**ജോമോൻ വി സേവ്യർ**



തൊടുപുഴ: പറമ്പിലും തൊടിയിലും പഴുത്ത് വീണ് കിടക്കുന്ന ചക്കയും കുരുവും ഒരു കാലത്ത് കേരളത്തിലെ ഗ്രാമ പ്രദേശങ്ങളിലെ നിത്യ കാഴ്ചയായിരുന്നെങ്കിൽ ഇന്ന് സ്ഥിതിയാകെ മാറിയിരിക്കുകയാണ്. ചക്കയുടെ ഗുണം പുതുതലമുറ തിരിച്ചറിഞ്ഞതോടെ ഇപ്പോൾ ചക്കയാണ് വിപണിയിലെ താരം.

സംസ്ഥാന ഫലമെന്ന തലയെടുപ്പും കൂടിയായതോടെ ആർക്കും വേണ്ടാതിരുന്ന ചക്കക്ക് വിപണിയിൽ പൊള്ളുന്ന വിലയായിരിക്കുകയാണ്. ഇടത്തരം വലിപ്പമുള്ള ഒരു ചക്കക്ക് 150 രൂപ മുതൽ 200 രൂപ വരെയാണ് വില. വലിപ്പം കൂടുന്നതനുസരിച്ച് വില കൂടും. മുമ്പ് പ്രധാന പട്ടണങ്ങളിൽ വഴിയോര കച്ചവടമായിട്ടാണ് ചക്ക വിറ്റിരുന്നതെങ്കിൽ ഇന്ന് ഗ്രാമീണ മേഖലകളിലെ കടകളിലും സൂപ്പർ മാർക്കറ്റുകളിലും ചക്ക വിൽപ്പനച്ചരക്കായി സ്ഥാനം നേടിയിട്ടുണ്ട്. കഴിഞ്ഞ വർഷം 50 മുതൽ 100 രൂപ വരെ വിലയുണ്ടായിരുന്ന ചക്കയുടെ വില ഇരട്ടിയായി ഉയർന്നത് കർഷകർക്കും നേട്ടമായിരിക്കുകയാണ്. വർഷങ്ങളായി തോട്ടത്തിൽ നിന്ന് മൂപ്പെത്താത്ത ചക്ക വാങ്ങാൻ വ്യാപാരികൾ എത്താറുണ്ട്. ഒരു ചക്കക്ക് രണ്ട് രൂപ മുതൽ അഞ്ച് രൂപ വരെ ഉടമസ്ഥന് നൽകിയായിരുന്നു ചക്ക വാങ്ങിയിരുന്നത്. ആർക്കും വേണ്ടാതെ നശിച്ചു പോയി കൊണ്ടിരുന്ന ചക്കക്ക് ചെറിയ വിലയാണെങ്കിലും ലഭിച്ചു തുടങ്ങിയതോടെ നാട്ടിലെ ഭൂരിഭാഗം ചക്കയും മൂപ്പെത്തുന്നതിന് മുമ്പേ വ്യാപാരികൾക്ക് നൽകാൻ കർഷകരും തയ്യാറായി. ബിസ്ക്കറ്റ് ഫാക്ടറികളിലേക്കാണ് ഇത്തരം മൂപ്പെത്താത്ത ചക്ക കൂടുതലായും കയറി പൊയ്കൊണ്ടിരിക്കുന്നത്. എന്നാൽ ചക്കയുടെ ഡിമാന്റ് വർധിച്ചതോടെ ഇപ്പോൾ മൂപ്പെത്താത്ത ഇടിചക്കക്കും വില ഉയർന്നിരിക്കുകയാണ്. 30 മുതൽ 40 രൂപ വരെയാണ് ഇപ്പോൾ ഇടി ചക്കയുടെ വില. കാലവസ്ഥ വ്യതിയാനം മൂലം ചക്കയുടെ ഉൽപാദനത്തിൽ വൻ കുറവാണ് ഈ സീസണിൽ ഉണ്ടായിരിക്കുന്നത്.

സാധാരണ ഒക്ടോബർ നവംബർ മാസം മുതൽ പ്ലാവ് പൂവിടുന്നതാണെങ്കിലും ഇത്തവണ ഡിസംബർ പകുതിക്ക് ശേഷമാണ് പൂവിട്ടത്. ഇതോടെ ഇടി ചക്കക്ക് ദൗർലഭ്യം ഉണ്ടായതും വിപണിയിൽ ചക്കയുടെ വില ഉയരുന്നതിന് കാരണമായിട്ടുണ്ട്. ഒരോ സീസണിലും ടൺ കണക്കിന് ചക്കയാണ് കേരളത്തിൽ നിന്ന് മറ്റ് സംസ്ഥാനങ്ങളിലേക്ക് കയറി പോകുന്നത്.

ചക്കയുടെ ഔഷധ ഗുണവും പ്രതിരോധ ശേഷിയും തിരിച്ചറിഞ്ഞതോടെയാണ് ആഗോള തലത്തിൽ ചക്കക്ക് നല്ല കാലം ആരംഭിക്കുന്നത്. പ്രമേഹ രോഗികൾക്ക് ചക്ക നല്ല ഭക്ഷണമാണ്. കൂടാതെ ക്യാൻസറിനെ പ്രതിരോധിക്കാനുള്ള ശേഷിയും ചക്കക്കുണ്ടെന്ന് അടുത്തിടെ കണ്ടെത്തിയിരുന്നു. ചക്കയിൽ നിന്ന് കൂടുതൽ മൂല്യവർധിത ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിയതും ഡിമാന്റ് വർധിക്കാൻ കാരണമായിട്ടുണ്ട്. സൂപ്പർമാർക്കറ്റുകളിൽ റെഡി ടു കുക്കിന് പാകമായ ഒരു കിലോ പച്ച ചക്കക്ക് 200 മുതൽ 250 രൂപ വരെയാണ് വില. ചക്കക്കുരു കിലോക്ക് നൂറു രൂപക്കാണ് ചില്ലറ വിൽപ്പന നടത്തുന്നത്. ചക്കയുടെ ഡിമാന്റ് വർധിച്ചതോടെ പ്ലാവിൻ തൈകൾക്കും ആവശ്യക്കാരേറെയാണ്. മൂന്ന് വർഷം കൊണ്ട് ഫലം തന്നു തുടങ്ങുന്ന ബഡ് തൈകൾക്കാണ് ആവശ്യക്കാർ കൂടുതൽ. 300 മുതൽ 400 രൂപ വരെയാണ് നഴ്സറികളിൽ ഒരു തൈയുടെ വില.